## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3144** **14-02-2024 - ൽ മറുപടിയ്ക്ക്**

## പ്ലംബിംഗ് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്ലംബിംഗ് കരാറുകാർക്ക് കരാറെടുത്തതിന്റെ കുടിശ്ശിക തുക ഏത് മാസം വരെ നൽകാനുണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ ഇ-ടാപ്പ് വഴി പുതിയ കുടിവെള്ള കണക്ഷൻ നൽകുന്ന ജോലിക്കായ് രജിസ്റ്റർ ചെയ്ത Registered പ്ലംബർമാർക്ക് ഇ-ടാപ്പ് വഴി പുതിയ കണക്ഷൻ നൽകിയ വകയിൽ 2024 ജനുവരി മാസം (16/01/2024) വരെയുള്ള തുക നൽകിയിട്ടുണ്ട്. |
| (ബി) | ജോലി ചെയ്യുന്ന ലൈസൻസ്ഡ് പ്ലംബർമാർക്ക് കൊടുക്കാനുള്ള തുക ഗുണഭോക്താക്കളിൽ നിന്ന് തന്നെ വാട്ടർ അതോറിറ്റി വാങ്ങിയതിന് ശേഷം ഏത് കാരണത്താലാണ് അത് പ്ലംബർമാർക്ക് നല്കാത്തത് എന്ന് വിശദമാക്കാമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയിൽ ഇ-ടാപ്പ് എന്ന സംവിധാനം വഴി പ്ലംബർമാരെ ഏല്പിക്കുന്ന പുതിയ കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികൾ അതാത് പ്ലംബർമാർ തൃപ്തികരമായി പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇ-ടാപ്പ് സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന ക്രമത്തിൽ തുക പ്ലംബർമാർക്ക് നൽകുന്നുണ്ട്. ഓരോ മാസത്തിലും രണ്ടു തവണകളായാണ് തുക നൽകുന്നത്. 16/01/2024 വരെയുള്ള തുക ഇതിനോടകം നൽകിയിട്ടുണ്ട്. തുക നൽകുന്നതിനുള്ള കാലതാമസം നിലവിലില്ല. |
| (സി) | ഇത്തരത്തിൽ എത്ര രൂപയാണ് ലൈസൻസ്ഡ് പ്ലംബർമാർക്ക് നാളിതുവരെ കൊടുക്കാനുള്ളത് എന്ന് വിശദമാക്കാമോ? | (സി) | 16/01/2024 വരെയുള്ള തുക നൽകിയിട്ടുണ്ട്. 17/01/2024 മുതൽ 03/02/2024 വരെ പുതിയ കണക്ഷൻ നൽകിയ വകയിൽ 1.53കോടി രൂപ നൽകുവാനുണ്ട്. ഇത് നൽകുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ